കവർസ്റ്റോറി

പി.കെ നിയാസ്

# ഒബാമക്ക് നോബൽ

## ഗോൾഡ്സ്റ്റോൺ റിപ്പോർട്ട് ചവിട്ടിയരച്ചതിനോ?




**സമാധാനത്തിനുള്ള** നോബൽ പുരസ്കാരത്തിന് അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമയെ തെരഞ്ഞെടുത്തതും ഇസ്രയേലിന്റെ നിഷ്ഠുരത വെളിവാക്കുന്ന ഐക്യരാഷ്ട്ര സഭയുടെ ഗസ്സ റിപ്പോർട്ട് പുറത്തുവന്നതും ദിവസങ്ങളുടെ വ്യത്യാസത്തിലാണ്. ഗസ്സയിൽ ഇസ്രയേൽ നടത്തിയ യുദ്ധക്കുറ്റങ്ങൾ പ്രതിപാദിക്കുന്ന റിപ്പോർട്ടാണ് ആദ്യം വെളിച്ചം കണ്ടത്. സയണിസ്റ്റുകളുടെ സംഹാര വിശേഷങ്ങൾ ലോകത്തെ കേൾപിച്ച റിപ്പോർട്ട് ഉയർത്തിയ കോലാഹലങ്ങൾക്കു പിന്നാലെ ഏവരെയും അമ്പരപ്പിച്ച് സമാധാന പുരസ്കാരം ഒബാമക്കും സമർപ്പിക്കപ്പെട്ടു. ഗസ്സയിൽ ഇസ്രയേൽ താണ്ഡവമാടുമ്പോൾ മൗനിയായിരുന്നു ഒബാമ. അന്ന് അദ്ദേഹത്തിന് സമാധാനം വിഷയമായിരുന്നില്ല. തൊട്ടു മുമ്പ് മുംബൈയിൽ ഭീകരാക്രമണം അരങ്ങേറിയപ്പോൾ അദ്ദേഹത്തിന്റെ പ്രസ്താവന പുറത്തുവന്നിരുന്നു. ഇസ്രയേലിന്റെ പാതകങ്ങൾക്കു നേരെ വിരൽ ചൂണ്ടുന്നതിനാൽ ഗസ്സ റിപ്പോർട്ട് സ്വീകാര്യമ

ല്ലെന്ന് യു.എസ് ഭരണകൂടം പ്രഖ്യാപിച്ചതിനു പിന്നാലെയാണ് സമാധാന പുരസ്കാരം പ്രസിഡന്റിനെത്തേടിയെത്തിയത്.

സമാധാനത്തിനുള്ള നോബൽ എന്നും വിവാദമായിരുന്നു. മാർട്ടിൻ ലൂഥർ കിംഗിനും (1964) നെൽസൺ മണ്ടേലക്കും (1993) ലഭിച്ച പുരസ്കാരം സാമ്രാജ്യത്വത്തിന്റെ വക്താക്കളായ അമേരിക്കൻ പ്രസിഡന്റുമാർക്കും (തിയഡോർ റൂസ്‌വെൽട്ട്, വുഡ്രോ വിൽസൻ, ജിമ്മി കാർട്ടർ) ഷിമോൺ പെരസിനെയും യിഷാക് റബിനെയും പോലുള്ള സയണിസ്റ്റ് ഭീകരർക്കും ചാർത്തിക്കൊടുത്തിട്ടുണ്ട്. പ്രസ്താവനകളിലെ വാചാലതകൾക്കപ്പുറം പ്രവർത്തനങ്ങളിൽ പൂജ്യമായ ഒബാമയുടെ പുരസ്കാരലബ്ധി ധാരാളം സംശയങ്ങൾക്ക് ഇടം നൽകിയതിൽ അത്ഭുതമില്ല. മുസ്‌ലിം ലോകവുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ആഹ്വാനം ചെയ്യുന്ന കയ്റോ പ്രഭാഷണമാണ് ഒബാമയുടെ നേട്ടമായി വിലയിരുത്തപ്പെട്ടത്. സമാധാനം വലിയ വായിൽ ആഹ്വാനം ചെയ്തതല്ലാതെ ക്രിയാത്മകമായ ഒരു നടപടിയും തുടർന്നങ്ങോട്ട് കണ്ടില്ല. അധിനിവേശ ഫലസ്ത്വീനിലെ കുടിയേറ്റം നിർത്തണമെന്ന് ഇസ്രയേലിനോട് ഒബാമ ആവശ്യപ്പെട്ടിരുന്നുവെന്നത് നേര്. എന്നാൽ ജൂത നേതൃത്വത്തിനു മുന്നിൽ മുട്ടുമടക്കുന്ന സാധാരണ യു.എസ് പ്രസിഡന്റുമാരിൽ ഒരാളായി അദ്ദേഹവും മാറുന്നതാണ് കണ്ടത്. ഒബാമയിൽ മാറ്റം പ്രതീക്ഷിച്ചതൊക്കെ വെറുതെയായിരുന്നു. തന്റെ തെരഞ്ഞെടുപ്പ് പ്രചാരണ ഘട്ടത്തിൽ നിരവധി തവണ ഇസ്രയേലിന് സ്തുതിപാടുകയും അവിടം സന്ദർശിച്ച് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു അദ്ദേഹം. ഗ്വാണ്ടനാമോയിലെ തടവറ അമേരിക്കക്ക് കളങ്കമാണെന്നും അത് അടച്ചുപൂട്ടുമെന്നും കൊട്ടിഘോഷിച്ചതല്ലാതെ തുടർനടപടികളൊന്നും ഉണ്ടായില്ല. അഫ്ഗാനിസ്താനിൽനിന്നും ഇറാഖിൽനിന്നും പിൻവാങ്ങുമെന്നായിരുന്നു മറ്റൊരു പ്രഖ്യാപനം. താലിബാനെയും അൽഖാഇദയെയും തകർക്കാൻ ഏതറ്റംവരെയും പോകുമെന്നാണ് പുതിയ ഭാഷ്യം. ഗസ്സ റിപ്പോർട്ട് അവഗണിക്കാൻ ഒരു മടിയും കാണിക്കാതിരുന്ന ഒബാമക്ക് ഇറാന്റെ ആണവ പരിപാടിയാണ് ലോകത്തെ ഏറ്റവും വലിയ ഭീഷണി.

## ഗസ്സ റിപ്പോർട്ട്

2008 ഡിസംബർ 27 മുതൽ 2009 ജനുവരി 18 വരെയുള്ള 21 ദിവസം അധിനിവേശ ഗസ്സയിൽ ഇസ്രയേൽ നടത്തിയ നിഷ്ഠുര താണ്ഡവം ആഗോള തലത്തിൽ അതിശക്തമായ പ്രതിഷേധമാണ് ഉയർത്തിയത്. ഓപ്പറേഷൻ കാസ്റ്റ്ലീഡ് എന്നു പേരിട്ട് സയണിസ്റ്റ് രാഷ്ട്രം ആരംഭിച്ച സൈനിക നടപടി വെടിനിർത്തലിൽ എത്തുമ്പോഴേക്ക് 1417 ഫലസ്ത്വീനികളുടെ ജീവൻ നഷ്ടപ്പെട്ടിരുന്നു. ഇവരിൽ ഏറെയും കുഞ്ഞുങ്ങളും സ്കൂൾ വിദ്യാർഥികളുമായിരുന്നു. നാലു ലക്ഷത്തോളം ഗസ്സക്കാർ വെള്ളമില്ലാതെ വലഞ്ഞു. പതിനായിരക്കണക്കിനാളുകൾ ഭവനരഹിതരായി. നാലായിരത്തോളം വീടുകൾ പൂർണമായോ ഭാഗികമായോ തകർന്നു. ഗസ്സയിൽ ഇസ്രയേൽ നടത്തിയ യുദ്ധക്കുറ്റങ്ങൾ അന്വേഷിക്കണമെന്ന വിവിധ രാജ്യങ്ങളുടെയും മനുഷ്യാവകാശ സംഘടനകളുടെയും മുറവിളിക്കൊടുവിൽ 2009 ജനുവരിയിൽ ഐക്യരാഷ്ട്ര സഭക്കു കീഴിലെ മനുഷ്യാവകാശ കൗൺസിൽ (യു.എൻ. എച്ച്.ആർ.സി) വസ്തുതാന്വേഷണ സംഘത്തെ അയക്കാൻ തീരുമാനിച്ചു. ദക്ഷിണാഫ്രിക്കയിലെ മുൻ ജഡ്ജി റിച്ചാർഡ് ജെ. ഗോൾഡ്സ്റ്റോണിന്റെ നേതൃത്വത്തിൽ പാകിസ്താൻ, ബ്രിട്ടൻ, അയർലന്റ് എന്നീ രാജ്യങ്ങളിൽനിന്നുള്ള നിയമവിദഗ്ധർ ഉൾപ്പെടുന്നതായിരുന്നു സംഘം. ജന്മംകൊണ്ട് ജൂതനും ജറൂസലമിലെ ഹീബ്രൂ സർവകലാശാലയുടെ ഗവേണിംഗ് ബോഡി അംഗവും യൂഗോസ്ലാവ്യയിലെയും റുവാണ്ടയിലെയും

യുദ്ധക്കുറ്റങ്ങൾ വിചാരണ ചെയ്യുന്ന കോടതിയിൽ ചീഫ് പ്രോസിക്യൂട്ടറുമായിരുന്ന ഗോൾഡ്‌സ്റ്റോൺ കമീഷന്റെ തലവനായത് ഇസ്രയേലിനെ മാത്രമല്ല ഞെട്ടിച്ചത്. കമീഷനെ നയിക്കാൻ ആവശ്യപ്പെട്ടത് അത്ഭുതത്തോടെയാണ് ശ്രവിച്ചതെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കിയിരുന്നു. "ഇസ്രയേലിൽ എന്തു സംഭവിക്കുമ്പോഴും താൽപര്യപൂർവം അന്വേഷിക്കാറുണ്ട്. അവിടെ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി എനിക്ക് ബന്ധവുമുണ്ട്. എങ്കിലും ഏൽപിക്കപ്പെട്ട ദൗത്യം ഉത്തരവാദിത്വത്തോടെയും നിഷ്പക്ഷമായും ഞാൻ നിർവഹിക്കും"- സ്ഥാനമേൽക്കും മുമ്പ് നടത്തിയ പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു.

സംഘത്തോട് സഹകരിക്കാൻ ഇസ്രയേൽ തയാറായില്ലെന്നു മാത്രമല്ല, അന്വേഷണം വകവെക്കില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 2009 ഏപ്രിൽ മൂന്നിന് പ്രവർത്തനമാരംഭിച്ച കമീഷൻ സെപ്റ്റംബർ 15-ന് 574 പേജുള്ള റിപ്പോർട്ട് പുറത്തുവിട്ടു. ഗസ്സയിലെ സൈനിക നടപടികൾ ആസൂത്രിതവും സിവിലിയന്മാരെ കൂട്ടക്കൊല ചെയ്യാനും ഭീതിയുണ്ടാക്കാനും ഉദ്ദേശിച്ചുള്ളതുമായിരുന്നുവെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. എല്ലാ അന്താരാഷ്ട്ര മര്യാദകളും കാറ്റിൽപറത്തിയാണ് ജൂതസേന ആക്രമണം അഴിച്ചുവിട്ടത്. മാരകമായ വൈറ്റ് ഫോസ്ഫറസും ഫ്ളെഷറ്റ് ഷെല്ലുകളും വ്യാപകമായി ഉപയോഗിച്ചു. ബോംബിംഗിൽ പരിക്കേൽക്കുന്നവർക്ക് വൈദ്യസഹായം പോലും തടഞ്ഞു. വിദ്യാലയങ്ങളും ആരാധനാലയങ്ങളും യു.എൻ കേന്ദ്രങ്ങളും ബോംബിട്ടു തകർത്തതായും കമീഷൻ കണ്ടെത്തി. ഗസ്സയിലെ 36 ആക്രമണങ്ങളും വെസ്റ്റ്ബാങ്ക്, ഇസ്രയേൽ എന്നിവിടങ്ങളിലെ ആക്രമണങ്ങളുമാണ് കമീഷൻ പരിശോധിച്ചത്. യുദ്ധവേളയിൽ ഇസ്രയേൽ പ്രധാനമന്ത്രിയായിരുന്ന യഹൂദ് ഓൽമർട്ട്, പ്രതിരോധ മന്ത്രി യഹൂദ് ബരാക്ക്, വിദേശകാര്യ മന്ത്രി സിപി ലിവ്നി, മുതിർന്ന സൈനിക ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ പത്തുപേരെ യുദ്ധക്കുറ്റങ്ങൾക്ക് വിചാരണ ചെയ്യണമെന്ന് ആവശ്യപ്പെട്ട് നോർവേയിലെ മുതിർന്ന അഭിഭാഷകർ കേസ് ഫയൽ ചെയ്തത് സയണിസ്റ്റ് താണ്ഡവത്തെ ലോകം എങ്ങനെയാണ് വീക്ഷിച്ചത് എന്നതിന് തെളിവാണ്. യുദ്ധക്കുറ്റം, കൂട്ടക്കൊല, മനുഷ്യാവകാശ ലംഘനം എന്നിവ നടത്തുന്ന വിദേശികളെ രാജ്യത്ത് വിചാരണ ചെയ്ത് ശിക്ഷിക്കാവുന്ന 2008-ലെ നിയമത്തിന്റെ അടിസ്ഥാനത്തിലാണിത്. ഗസ്സയിലെ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ ബോംബിട്ടു തകർക്കുകയും നിരപരാധരെ കൊന്നൊടുക്കുകയും ചെയ്തതിന് നഷ്ടപരിഹാരം നൽകണമെന്ന യു.എൻ ആവശ്യം ഇസ്രയേൽ തള്ളുകയുണ്ടായി. ഈജിപ്ത് ഉൾപ്പെടെയുള്ള ചില അറബ് രാജ്യങ്ങളും വെസ്റ്റ് ബാങ്കിൽ അബ്ബാസിന്റെ നേതൃത്വത്തിലുള്ള ഫതഹും ഇസ്രയേലിന്റെ നിഷ്ഠുരതക്ക് കൂട്ടുനിൽക്കുന്ന നിലപാടാണ് സ്വീകരിച്ചത്.

ഇസ്രയേലീ ഭരണ-സൈനിക നേതൃത്വങ്ങളെ യുദ്ധക്കുറ്റങ്ങൾക്ക് വിചാരണ ചെയ്യേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടിയ ഗോൾഡ്‌സ്റ്റോൺ റിപ്പോർട്ട്, തൂക്കമൊപ്പിക്കാനായി ഗസ്സയിലെ ഫലസ്തീൻ ഗ്രൂപ്പുകളുടെ പ്രതിരോധത്തെയും മനുഷ്യാവകാശ ലംഘനങ്ങളുടെ പട്ടികയിൽ പെടുത്തുകയുണ്ടായി. ഹമാസ്, ഇസ്‌ലാമിക് ജിഹാദ് എന്നീ പോരാട്ട സംഘടനകൾ ഇസ്രയേലിലേക്കയച്ച റോക്കറ്റുകളാണ് കമീഷന്റെ വിമർശനത്തിന് ശരവ്യമായത്. റോക്കറ്റാക്രമണങ്ങളിൽ 13 ഇസ്രയേലികൾ മാത്രമാണ് കൊല്ലപ്പെട്ടത്. അതാകട്ടെ, ശത്രുവിന്റെ ആക്രമണങ്ങൾ തടയാൻ ഉദ്ദേശിച്ചുള്ള കേവല ചെറുത്തുനിൽപ് മാത്രമായിരുന്നു. ഇസ്രയേലിന്റെ പാതകങ്ങളെ നിശിതമായി വിമർശിച്ച 34 രാജ്യങ്ങൾ ഹമാസിന്റെ പ്രതിരോധത്തിന് പച്ചക്കൊടി കാണിച്ചുവെന്ന വസ്തുത കമീഷൻ കാണാതെ പോയി. റിപ്പോർട്ട് പക്ഷപാതപരമാണെന്നും സത്യ

സന്ധമല്ലെന്നും ഹമാസ് കുറ്റപ്പെടുത്തിയിട്ടുണ്ട്. നരമേധം നടത്തുന്നവരെയും പ്രതിരോധിക്കുന്നവരെയും ഒരേ ഗണത്തിലാണ് റിപ്പോർട്ട് കാണുന്നതെന്ന് ഹമാസ് ആരോപിക്കുന്നു.

ഹമാസിന്റെ പ്രവർത്തനങ്ങൾ നിയമവിധേയമാക്കാനേ റിപ്പോർട്ട് സഹായിക്കൂവെന്നാണ് ഇസ്രയേൽ പ്രതികരിച്ചത്. റിപ്പോർട്ടിനെ അതിരൂക്ഷമായി അപലപിച്ച് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു നെസറ്റിൽ ചെയ്ത പ്രസംഗത്തിൽ ഒരൊറ്റ ഇസ്രയേലീ സൈനികനെയോ രാഷ്ട്രീയ നേതാവിനെയോ വിചാരണക്കു വിട്ടുതരില്ലെന്നും പ്രഖ്യാപിച്ചു. ഗസ്സയിൽ തങ്ങൾ നടത്തിയത് നരമേധമാണെന്ന് ഇസ്രയേൽ സൈന്യത്തിനുപോലും ബോധ്യപ്പെട്ടിരുന്നുവെന്നതാണ് യാഥാർഥ്യം. ആരോപിക്കപ്പെട്ട മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ച് സൈന്യം സ്വന്തം നിലയിൽ നൂറിലേറെ അന്വേഷണങ്ങൾ നടത്തിയത് അതുകൊണ്ടാണ്. പ്രതീക്ഷിച്ചതുപോലെ ഒന്നിനും അടിസ്ഥാനമില്ലെന്ന് കണ്ടെത്തി. എന്നാൽ 23 ക്രിമിനൽ ഇൻവെസ്റ്റിഗേഷനുകൾ ഇപ്പോഴും തുടരുന്നു. 2009 ജനുവരി 26-ന് 21 സിവിലിയന്മാരെ അബദ്ധത്തിൽ സൈന്യം വധിച്ചതു മാത്രമാണ് തങ്ങളുടെ ഭാഗത്തുനിന്നുണ്ടായ പിഴവായി ഡെപ്യൂട്ടി ചീഫ് ഓഫ് സ്റ്റാഫ് മേജർ ജനറൽ ഡാൻ ഹാരൽ സമ്മതിച്ചത്. ജനങ്ങൾ താമസിക്കുന്ന 636 കെട്ടിടങ്ങൾ ബോംബിട്ട് തകർത്തതായും ജനറൽ പറഞ്ഞു. എന്നാൽ, നാലായിരത്തോളം കെട്ടിടങ്ങളാണ് നിലംപരിശായതെന്നാണ് ഔദ്യോഗിക റിപ്പോർട്ടുകൾ.

ഇസ്രയേലിനേക്കാൾ അത്യാവേശത്തിൽ റിപ്പോർട്ട് തള്ളിയത് അമേരിക്കയാണ്. റിപ്പോർട്ട് സന്തുലിതമല്ലെന്നും ഏകപക്ഷീയവും അടിസ്ഥാനപരമായി അസ്വീകാര്യവുമാണെന്ന് ഒബാമാ ഭരണകൂടത്തിന്റെ യു.എൻ അംബാസഡർ സൂസൻ റൈസ് പ്രസ്താവിച്ചു. സംഭവത്തിലെ ഇരു കക്ഷികളെയും റിപ്പോർട്ട് പരാമർശിക്കുന്നുണ്ടെങ്കിലും ഇസ്രയേലിന്റെ നടപടികളെയാണ് മുഖ്യമായും ഊന്നുന്നത് എന്നതിനാൽ സ്വീകാര്യമല്ലെന്നാണ് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് വക്താവ് ഇയാൻ കെല്ലി പറഞ്ഞത്. എന്നാൽ സുഡാൻ, കോംഗോ തുടങ്ങിയ രാജ്യങ്ങൾക്കെതിരെയാവുമ്പോൾ റിപ്പോർട്ടുകളെ ന്യായീകരിക്കുകയും ഇസ്രയേലിനെതിരെയാവുമ്പോൾ അതിൽ പിഴവു കാണുകയും ചെയ്യുന്ന സമീപനം മാറ്റണമെന്ന് ഹ്യൂമൺറൈറ്റ്സ് വാച്ച് ഒബാമാ ഭരണകൂടത്തെ ഓർമിപ്പിച്ചു. യുദ്ധക്കുറ്റങ്ങളുടെ പേരിൽ ഇസ്രയേൽ പ്രതിരോധ മന്ത്രി യഹൂദ് ബരാക്കിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് ഒരു ഫലസ്ത്വീൻ സംഘടന ബ്രിട്ടീഷ് കോടതിയെ സമീപിച്ചെങ്കിലും മന്ത്രിക്ക് നയതന്ത്ര പരിരക്ഷയുണ്ടെന്ന ന്യായം പറഞ്ഞ് ഹരജി സ്വീകരിച്ചില്ല. യുദ്ധക്കുറ്റങ്ങൾ ആരോപിക്കപ്പെടുന്നവരെ ബ്രിട്ടീഷ് കോടതികളിൽ വിചാരണ ചെയ്യാമെന്ന നിയമം നിലവിലുണ്ട്. അവർക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കാനും ബ്രിട്ടീഷ് വ്യോമപരിധിയിൽ പ്രവേശിച്ചാൽ പിടികൂടാനും വകുപ്പുകളുണ്ട്. എന്നാൽ ഇസ്രയേലിനെ വെറുപ്പിക്കുന്ന നടപടികൾ വേണ്ടെന്ന് ബ്രിട്ടൻ തീരുമാനിച്ചു.

അമ്പരപ്പിക്കുന്ന പ്രതികരണമുണ്ടായത് ഫലസ്ത്വീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിൽനിന്നാണ്. റിപ്പോർട്ട് യു.എൻ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നായിരുന്നു അബ്ബാസ് നേതൃത്വം നൽകുന്ന ഫലസ്ത്വീൻ അതോറിറ്റി പ്രഖ്യാപിച്ചുകളഞ്ഞത്. അമേരിക്കയുടെ താൽപര്യത്തിനു വഴങ്ങി സ്വന്തം ജനതയെ ഒറ്റുകൊടുക്കാൻ മടിക്കില്ലെന്ന സന്ദേശം ഒരിക്കൽകൂടി ആവർത്തിക്കുകയായിരുന്നു അബ്ബാസ്. ഫലസ്ത്വീൻ പ്രസിഡന്റിന്റെ നിലപാടിനെതിരെ അറബ് മേഖലയിൽ പ്രതിഷേധ കൊടു




**പ്രസ്താവനകളിലെ വാചാലതകൾക്കപ്പുറം പ്രവർത്തനങ്ങളിൽ പൂജ്യമായ ഒബാമയുടെ പുരസ്കാരലബ്ധി ധാരാളം സംശയങ്ങൾക്ക് ഇടം നൽകിയതിൽ അത്ഭുതമില്ല. മുസ്‌ലിം ലോകവുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ആഹ്വാനം ചെയ്യുന്ന കയ്റോ പ്രഭാഷണമാണ് ഒബാമയുടെ നേട്ടമായി വിലയിരുത്തപ്പെട്ടത്. സമാധാനം വലിയ വായിൽ ആഹ്വാനം ചെയ്തതല്ലാതെ ക്രിയാത്മകമായ ഒരു നടപടിയും തുടർന്നങ്ങോട്ട് കണ്ടില്ല.**

ങ്കാറ്റ് ആഞ്ഞടിച്ചു. അബ്ബാസിന്റെയും ഫതഹിന്റെയും തട്ടകമായ വെസ്റ്റ്ബാങ്കിൽ പോലും ആയിരങ്ങൾ തെരുവിലിറങ്ങി പ്രതിഷേധിച്ചു. 'വഞ്ചകനായ അബ്ബാസ്, ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലാകും നിങ്ങളുടെ സ്ഥാനം' എന്ന ചുവരെഴുത്തുകൾ ഗസ്സയിൽ എവിടെയും ദൃശ്യമായി. നിരുത്തരവാദിത്വപരവും ലജ്ജാകരവുമായ നിലപാടാണ് അബ്ബാസിന്റേതെന്നും അദ്ദേഹം എത്രയും പെട്ടെന്ന് രാജിവെക്കണമെന്നും ഹമാസ് ആവശ്യപ്പെട്ടു (കാലാവധി കഴിഞ്ഞ് വർഷം ഒന്നായെങ്കിലും പ്രസിഡന്റിന്റെ കസേരയിൽ അബ്ബാസ് നിയമവിരുദ്ധമായി തുടരുകയാണ്). അബ്ബാസിന്റെ ഫലസ്തീൻ പൗരത്വം റദ്ദാക്കണമെന്നാണ് ഹമാസ് നേതാവ് മഹ്മൂദുസ്സഹർ അഭിപ്രായ

പ്പെട്ടത്. ഐക്യചർച്ചകൾ ഫലം കണ്ടേക്കുമെന്ന പ്രതീക്ഷ ഉയർന്ന ഘട്ടത്തിലാണ് അബ്ബാസിന്റെ ഭാഗത്തുനിന്ന് സ്വന്തം ജനതക്ക് എതിരായ നീക്കമുണ്ടായത്. ഇതോടെ തുടർ ചർച്ചകളിൽനിന്ന് ഹമാസ് വിട്ടുനിന്നു. അബ്ബാസിന്റെ തലതിരിഞ്ഞ നിലപാടിൽ പ്രതിഷേധിച്ച് സാമ്പത്തികകാര്യ മന്ത്രി ബാസ്സിം ഖൂരി രാജിവെക്കുകയുണ്ടായി. ഫലസ്തീൻ അതോറിറ്റിക്കുമേലുള്ള ബാഹ്യസമ്മർദം (അമേരിക്കൻ ഇടപെടൽ) ചെറുക്കുകയോ മറ്റേതെങ്കിലും നിലപാട് സ്വീകരിക്കുകയോ ചെയ്യേണ്ടിയിരുന്നുവെന്ന് അദ്ദേഹം ഓർമിപ്പിച്ചു. മഹ്മൂദ് അബ്ബാസിനെ അതിഥിയായി സ്വീകരിക്കാനിരുന്ന സിറിയ സന്ദർശനം ഏകപക്ഷീയമായി റദ്ദാക്കിയാണ് പ്രതിഷേധം പ്രകടിപ്പിച്ചത്. അറബ് ജനതയും അബ്ബാസിന്റെ നടപടിയോട് രൂക്ഷമായി പ്രതികരിച്ചു. ലോക പണ്ഡിത സമിതി അധ്യക്ഷൻ ഡോ. യൂസുഫുൽ ഖറദാവി ദോഹയിൽ നടത്തിയ പ്രഭാഷണത്തിൽ മുസ്‌ലിം ലോകത്തെ ഒറ്റുകാരായ ഭരണാധികാരികളെ നിശിതമായി വിമർശിച്ചു. ഖറദാവിയുടെ പ്രസംഗം കേൾക്കാൻ ആയിരങ്ങളാണ് ഒത്തുചേർന്നത്. നാലു ഭാഗത്തുനിന്നും വിമർശനങ്ങൾ ഉയർന്നപ്പോൾ മഹ്മൂദ് അബ്ബാസ് ചുവടുമാറ്റി. റിപ്പോർട്ട് പരിഗണിക്കുന്നതിനായി യു.എൻ മനുഷ്യാവകാശ കൗൺസിലിന്റെ അസാധാരണ യോഗം വിളിച്ചു ചേർക്കണമെന്ന് ഒക്ടോബർ 11-ന് രാത്രി വൈകി നടത്തിയ ടെലിവിഷൻ പ്രഭാഷണത്തിൽ പ്രസിഡന്റ് ആവശ്യപ്പെടുന്നതാണ് കണ്ടത്. കൗൺസിലിൽ റിപ്പോർട്ടിന് ആവശ്യമായ പിന്തുണ ലഭിക്കില്ലെന്ന് ബോധ്യപ്പെട്ടതിനാലാണ് നീട്ടിവെക്കാൻ ആവശ്യപ്പെട്ടതെന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായീകരണം. കൗൺസിലിൽ ഫലസ്തീന് പ്രാതിനിധ്യമില്ലെങ്കിലും ഫലസ്തീൻ പ്രശ്നത്തെ പിന്തുണക്കുന്ന നിരവധി വികസ്വര രാജ്യങ്ങളുണ്ടെന്ന വസ്തുത അബ്ബാസ് മറച്ചുവെക്കുകയായിരുന്നു. ഗസ്സ റിപ്പോർട്ട് ചർച്ച ചെയ്യാൻ പ്രത്യേക യോഗം വിളിച്ചുചേർക്കാൻ യു.എൻ മനുഷ്യാവകാശ സമിതി തീരുമാനിച്ചതോടെ അബ്ബാസിന്റെ മുഖംമൂടി അഴിഞ്ഞുവീഴുകയും ചെയ്തു. ഫലസ്തീൻ അതോറിറ്റിയുടെ അഭ്യർഥന പരിഗണിക്കണമെന്ന് കൗൺസിലിലെ 18 അംഗരാജ്യങ്ങൾ ആവശ്യപ്പെടുകയായിരുന്നു. ഗൾഫ് രാജ്യങ്ങളായ സുഊദി അറേബ്യ, ഖത്തർ, ബഹ്റൈൻ എന്നിവക്കു പുറമെ ചൈന, ക്യൂബ, ബൊളീവിയ, നിക്കരാഗ്വ തുടങ്ങിയവയും ഫലസ്തീൻ അതോറിറ്റിയെ പിന്തുണക്കാനുണ്ടായിരുന്നു. അമേരിക്കയുടെ താളത്തിനൊത്ത് തുള്ളിയ ശേഷം ദിവസങ്ങൾക്കകം ചുവടുമാറ്റിയ അബ്ബാസ് സ്വയം പരിഹാസ്യനാവുകയായിരുന്നു.

അമേരിക്കയുടെയും ഇസ്രയേലിന്റെയും താൽപര്യങ്ങൾക്കുവേണ്ടി സ്വന്തം ജനതയുടെ അഭിമാനം പണയപ്പെടുത്തിയെന്ന ആരോപണം അടുത്ത അനുയായികളിൽനിന്നുപോലും ഉയർന്നതാണ് പെട്ടെന്നുള്ള ഒരു 'യൂ ടേണി'ന് അബ്ബാസിനെ പ്രേരിപ്പിച്ചത്. അബ്ബാസിന്റെ പ്രസ്താവനക്കു പിന്നാലെ അദ്ദേഹം നേതൃത്വം നൽകുന്ന ഫതഹ് പാർട്ടി പുറത്തിറക്കിയ ആഭ്യന്തര കുറിപ്പിൽ ഒബാമാ ഭരണകൂടത്തിൽ വിശ്വാസം നഷ്ടപ്പെട്ടതായി തുറന്നടിക്കുന്നുണ്ട്. ഇസ്രയേലിനെ ജൂത രാഷ്ട്രമായി ഫലസ്തീനികൾ അംഗീകരിക്കണമെന്ന് കഴിഞ്ഞ ദിവസം ഒബാമ നടത്തിയ വിവാദ പരാമർശവും ഫതഹ് നേതൃത്വത്തെ ചൊടിപ്പിച്ചിട്ടുണ്ട്. ഹമാസിനെ തകർക്കാൻ അമേരിക്കയുടെ സ്പോൺസർഷിപ്പിൽ പ്രവർത്തിക്കുന്ന മുതിർന്ന ഫതഹ് നേതാവ് മഹ്മൂദ് ദഹ്‌ലാൻ പോലും തന്റെ നിരാശ തുറന്നു പ്രകടിപ്പിക്കുകയുണ്ടായി.

## ഒറ്റുകാരനായ അബ്ബാസ്

ഫലസ്തീൻ ജനതയുടെ ഒറ്റുകാരനായി മഹ്മൂദ് അബ്ബാസ് മാറുന്നത് ഇതാ

ദ്യമല്ല. എന്നാൽ ഇത്ര പരസ്യമായി ഇസ്രയേൽ-അമേരിക്കൻ അനുകൂല നിലപാട് അദ്ദേഹം സ്വീകരിക്കുന്നതും അതിശക്തമായ പ്രതിഷേധത്തിനൊടുവിൽ തീരുമാനം മാറ്റുന്നതും ആദ്യമാണ്. നാൽപതു വർഷമായി തുടരുന്ന അബ്ബാസിന്റെ രാഷ്ട്രീയ പ്രവർത്തനം അന്വേഷണവിധേയമാക്കിയാൽ ഞെട്ടിക്കുന്ന പലതും പുറത്തുവരും. ഫലസ്ത്വീനികളുടെ നെഞ്ചകവുമായി ഇഴുകിച്ചേർന്ന ചെറുത്തുനിൽപിനോട് പണ്ടേ ആഭിമുഖ്യമില്ലാത്തയാളാണ് മഹ്മൂദ് അബ്ബാസ്. യാസിർ അറഫാത്തിന്റെ തണലിലാണ് വളർന്നതെങ്കിലും ഫലസ്ത്വീൻ പ്രസ്ഥാനത്തിന്റെ സൈനിക നീക്കങ്ങളോട് അബ്ബാസിന് എന്നും ചതുർഥിയായിരുന്നു. ദമാസ്കസ് സർവകലാശാലയിൽ പഠനവും കയ്റോ സർവകലാശാലയിൽനിന്ന് നിയമബിരുദവും മോസ്കോയിൽനിന്ന് പി.എച്ച്.ഡിയുമെടുത്ത് അബ്ബാസ് പുറത്തുവരുമ്പോൾ പി.എൽ.ഒ സമരമുഖത്തായിരുന്നു. അന്ന് സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോഴും അബ്ബാസിന്റെ നിലപാടിൽ മാറ്റമില്ലായിരുന്നു. ഹമാസിനെ ഏറ്റവും വലിയ ശത്രുവായാണ് അബ്ബാസ് കണ്ടിരുന്നത്. തന്റെ നേതൃത്വത്തിന് വെല്ലുവിളി ഉയർത്തുകയും പോരാട്ട മനസ്സ് കൊണ്ടുനടക്കുകയും ചെയ്യുന്ന ഹമാസ് പ്രവർത്തകരെ പൊറുപ്പിച്ചുകൂടെന്ന മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. തങ്ങൾക്ക് അസ്വീകാര്യനായ യാസിർ അറഫാത്തിന്റെ സ്ഥാനത്ത് അബ്ബാസിനെ കുടിയിരുത്താൻ 2003-ലാണ് അമേരിക്ക കരുനീക്കങ്ങൾ തുടങ്ങിയത്. ആദ്യപടിയായി അബ്ബാസിനെ പ്രധാനമന്ത്രിയായി അവരോധിക്കാൻ ജോർജ് ഡബ്ലിയു ബുഷ് അറഫാത്തിനെ നിർബന്ധിച്ചു. അറഫാത്തിന്റെ ചിറകുകൾ അരിയാൻ അബ്ബാസിന്റെ സ്ഥാനലബ്ധിക്ക് കഴിയുമെന്ന കണക്കുകൂട്ടലിലായിരുന്നു വാഷിംഗ്ടൺ. എന്നാൽ അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് അറഫാത്തുമായുണ്ടായ തർക്കങ്ങളും സ്വന്തം ജനസമ്മതിയിലുണ്ടായ ഇടിവും കാരണം ഏഴു മാസമേ അബ്ബാസിന് കസേരയിൽ ഇരിക്കാനായുള്ളൂ. 1993-ലെ ഓസ്ലോ കരാറുമായി ബന്ധപ്പെട്ട് ഇസ്രയേലുമായി സ്ഥാപിച്ച ബന്ധങ്ങൾ അബ്ബാസിനെ നേരത്തെ കുഴപ്പത്തിൽ ചാടിച്ചിരുന്നു. ഫലസ്ത്വീൻ തെരുവുകളിൽ ഇത് പ്രകടവുമായിരുന്നു.

2004-ൽ അറഫാത്തിന്റെ മരണത്തോടെ ഫലസ്ത്വീൻ അതോറിറ്റി പ്രസിഡന്റായി സ്ഥാനമേറ്റതു മുതൽ അമേരിക്കയോടും ഇസ്രയേലിനോടും ശക്തമായ ആത്മബന്ധമായിരുന്നു അദ്ദേഹത്തിന്. സ്വന്തം ജനത സയണിസ്റ്റ് സൈന്യത്തിന്റെ നിഷ്ഠുരതകൾക്ക് ഇരയാകുമ്പോഴും യഹൂദ് ഓൽമർട്ടുമായി ബുഷിന്റെ സാന്നിധ്യത്തിൽ ഉച്ചകോടി മാമാങ്കങ്ങളിൽ പങ്കെടുക്കലായിരുന്നു അദ്ദേഹത്തിന്റെ ഹോബി. പടിഞ്ഞാറൻ വേഷവിധാനവും കൊട്ടാരങ്ങളും ബുള്ളറ്റ് പ്രൂഫ് കാറുകളുമായി കഴിയുന്ന അബ്ബാസിന്റെ സുഖലോലുപത ഫലസ്ത്വീൻ ജനതയുടെ നേതാവാകാൻ അദ്ദേഹത്തിനുള്ള യോഗ്യതയെ ചോദ്യം ചെയ്യുന്നതാണ്. അധികാരത്തിലേറിയതോടെ അതുവിട്ടൊഴിയില്ലെന്ന് പ്രതിജ്ഞയെടുത്ത മട്ടിലായിരുന്നു ഓരോ നീക്കവും. കാലാവധി കഴിഞ്ഞപ്പോൾ പാർലമെന്റ് പോലും വിളിച്ചുകൂട്ടാതെ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ച് സ്ഥാനം നിലനിർത്തിപ്പോരുകയാണ്. ശക്തമായ ജനപിന്തുണയുള്ള ചെറുത്തുനിൽപ് പ്രസ്ഥാനങ്ങളെ തകർക്കുകയെന്ന അജണ്ടയുമായാണ് അബ്ബാസിനെ ബുഷ് പ്രതിഷ്ഠിച്ചത്. ഹമാസിനെയും ഇസ്ലാമിക് ജിഹാദിനെയും അബ്ബാസ് ലക്ഷ്യമിട്ടത് സ്വാഭാവികം. എന്നാൽ ഫലസ്ത്വീൻ അതോറിറ്റി തെരഞ്ഞെടുപ്പിൽ ഹമാസ് നേടിയ ചരിത്രവിജയം അബ്ബാസിനേറ്റ ശക്തമായ തിരിച്ചടിയായി. തെരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിച്ച് 132 സീറ്റുകളിൽ 76ലും (57.6 ശതമാനം) വിജയം കൊയ്ത് ഹമാസ് നടത്തിയ ഉജ്വല മുന്നേറ്റം സാമ്രാജ്യത്വ അധിനിവേശ ശക്തികളെപ്പോലെ മഹ്മൂദ് അബ്ബാസിനും വലിയ ആഘാതമായി. അദ്ദേഹത്തിന്റെ

ഫതഹിന് 43 സീറ്റുകളേ ലഭിച്ചുള്ളൂ. ഒടുവിലത്തെ പാർലമെന്റ് ഇലക്ഷൻ പത്തു വർഷം മുമ്പായിരുന്നു. എതിരാളികൾ ഇല്ലാതിരുന്ന ആ തെരഞ്ഞെടുപ്പിൽ 88ൽ 55 സീറ്റുകളും ഫതഹിനായിരുന്നു.

ഫതഹിന്റെ അഴിമതി ഭരണവും ഇസ്രയേൽ അധിനിവേശത്തോടുള്ള നിസ്സംഗതയും വോട്ടർമാരെ നിരാശരാക്കിയിരുന്നു. അതാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. എന്നാൽ അനുരഞ്ജനത്തിനുപകരം ഏറ്റുമുട്ടലിന്റെ പാതയാണ് അബ്ബാസും കൂട്ടരും സ്വീകരിച്ചത്. അമേരിക്കയും ഇസ്രയേലുമായി മഹ്മൂദ് അബ്ബാസും അദ്ദേഹത്തിന്റെ ഗസ്സയിലെ സുരക്ഷാ തലവൻ മഹ്മൂദ് ദഹ്‌ലാനും ചേർന്ന് നടത്തിയ വൃത്തികെട്ട ഗൂഢാലോചന വെളിപ്പെട്ടതാണ് 2007-ൽ ഗസ്സ ഓപ്പറേഷന് ഹമാസിനെ പ്രേരിപ്പിച്ചത്. ഫതഹ് വിഭാഗത്തെ ഗസ്സയിൽനിന്ന് പിഴുതുമാറ്റുന്നതിലാണ് ഇത് കലാശിച്ചത്. അന്നു മുതൽ ഹമാസിനെതിരെയുള്ള പ്രതികാരാഗ്നി അബ്ബാസിൽ കത്തിയെരിയുകയായിരുന്നു. ഗസ്സയിൽ ഇസ്രയേൽ നടത്തിയ നിഷ്ഠുര യുദ്ധം തന്റെ അഭിലാഷങ്ങൾ പൂവണിയിക്കുമെന്ന് അബ്ബാസ് കണക്കുകൂട്ടി. ഇസ്രയേൽ സൈന്യം തനിക്കുവേണ്ടി യുദ്ധം ചെയ്യുകയാണെന്നുപോലും അദ്ദേഹം കരുതി. യുദ്ധം കഴിയുന്നതോടെ ഹമാസ് തുന്നംപാടുമെന്നും ഗസ്സയുടെ അധികാരം പിടിച്ചെടുക്കാമെന്നുമായിരുന്നു അദ്ദേഹത്തിന്റെ മോഹം. യുദ്ധത്തിനെതിരെ തന്റെ തട്ടകമായ വെസ്റ്റ്ബാങ്കിലും ആസ്ഥാനമായ റാമല്ലയിലും നടന്ന പ്രതിഷേധ പ്രകടനക്കാരെ അടിച്ചമർത്തുക പോലും ചെയ്തു ഫലസ്തീൻ പ്രസിഡന്റ്. ഗസ്സക്കുമേലുള്ള ഉപരോധം പിൻവലിക്കേണ്ടെന്ന് ആവശ്യപ്പെട്ട് അബ്ബാസിന്റെ നിർദേശാനുസരണം വെസ്റ്റ്ബാങ്കിലെ ഉന്നത ഉദ്യോഗസ്ഥർ ഇസ്രയേൽ അധികൃതരുമായി നടത്തിയ ടെലിഫോൺ സംഭാഷണം വിവാദമായിരുന്നു. പ്രസ്തുത സംഭാഷണത്തിന്റെ ഓഡിയോ ടേപ്പ് പുറത്തുവിടുമെന്ന് ഇസ്രയേൽ ഭീഷണി മുഴക്കിയതാണ് ഗോൾഡ്സ്റ്റോൺ റിപ്പോർട്ട് ഫ്രീസറിൽ സൂക്ഷിക്കാനുള്ള അബ്ബാസിന്റെ ആവശ്യത്തിനു പിന്നിലെന്ന് സംസാരമുണ്ട്. യുദ്ധം ഗസ്സയെ ശവപ്പറമ്പാക്കിയെങ്കിലും ഹമാസിന്റെ ആത്മവിശ്വാസം വർധിപ്പിക്കുകയാണ് ചെയ്തത്. ഗോൾഡ്സ്റ്റോൺ റിപ്പോർട്ടാവട്ടെ, അബ്ബാസിന് മറ്റൊരു തിരിച്ചടിയും സമ്മാനിച്ചു. ഫലസ്തീനികൾ ഉന്മൂലനം ചെയ്യപ്പെടുമ്പോൾ ആ ഭീകരതക്കുനേരെ മുഖം തിരിച്ചുനിന്ന അബ്ബാസിന്റെ നിലപാടിനോടുള്ള പ്രതികരണം കൂടിയായിരുന്നു റിപ്പോർട്ട്. സ്വന്തം ജനത കൊല്ലപ്പെടുമ്പോൾ ഉത്തരവാദപ്പെട്ട ഭരണകൂടം ശത്രുക്കളുമായി സന്ധിചെയ്യുകയായിരുന്നുവെന്ന് പരോക്ഷമായ കുറ്റപ്പെടുത്തൽ റിപ്പോർട്ടിലുണ്ട്. ■